# പതിനാലാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6648** **21.11.2019-ൽ മറുപടിയ്ക്ക്**

## ഉൾനാടൻ മത്സ്യബന്ധനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സജി ചെറിയാൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ഉൾനാടൻ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | എ) ഉൾനാടൻ മത്സ്യമേഖലയിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് പൊതുജലാശയങ്ങളിൽ 'മത്സ്യവിത്ത് നിക്ഷേപം' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 'ഉൾനാടൻ ഫിഷറീസ് ആന്റ് അക്വാകൾച്ചർ ആക്ട് 2010' പ്രകാരം അനധികൃത മത്സ്യബന്ധനം നിയന്ത്രിക്കുന്നതിനായി ഫിഷറീസ് വകുപ്പ് ഉൾനാടൻ പട്രോളിംഗ് ശക്തിപ്പെടുത്തുകയും രജിസ്ട്രേഷനും, ലൈസൻസും നിർബന്ധമാക്കിയിട്ടുമുണ്ട്. വേമ്പനാട്, അഷ്ടമുടികായലുകളിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും, മത്സ്യകുഞ്ഞുങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും, 'അഷ്ടമുടി, വേമ്പനാട് കായൽ സംരക്ഷണ പദ്ധതികളുടെ' പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കായലിൽ 2 ഹെക്ടർ വീതം വിസ്തീർണ്ണമുള്ള 20 പ്രദേശത്ത് കൃത്രിമമായ ആവാസ വ്യവസ്ഥ സൃഷ്ടിച്ച് മത്സ്യങ്ങളുടെ പ്രജനനത്തിനുള്ള സംരക്ഷിത കേന്ദ്രങ്ങൾ സജ്ജമാക്കുന്നതിനും ഈ പദ്ധതിയിലൂടെ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>ഉൾനാടൻ മേഖലയിലുള്ള മത്സ്യത്തൊഴിലാളി വനിതകൾക്കായി സ്വയംതൊഴിൽ പദ്ധതിയായ സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവുമൺ |

(SAF) മുഖേന മത്സ്യത്തൊഴിലാളി വനിതകളിൽ ശാക്തീകരണം ഉറപ്പാക്കുന്നു. ഇതിനായി 2 മുതൽ 4 വരെയുള്ള മത്സ്യത്തൊഴിലാളി വനിതകളുടെ ആക്റ്റിവിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ചു കൊണ്ട് എല്ലാവിധ പരിശീലനങ്ങളും നൽകി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 80% വരെ ഗ്രാന്റ് നൽകുന്നു. ഇതുവഴി അവർക്ക് വരുമാനം ഉറപ്പു വരുത്തുന്നതിനും ജീവിത നിലവാരം ഉയർത്തുന്നതിനും സാധിക്കുന്നു.

| | |
|---|---|
| ബി) ചെങ്ങന്നൂർ മണ്ഡലത്തിലെ ഉൾ-നാടൻ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള സ്കീമുകൾ വിവരിക്കാമോ? | ബി) ചെങ്ങന്നൂർ മണ്ഡലത്തിലെ ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി സമ്പാദ്യ സമാശ്വാസ പദ്ധതിയും ഭവന നിർമ്മാണ പദ്ധതിയും, അനധികൃത മത്സ്യബന്ധനം നിയന്ത്രിക്കുന്നതിനായി കായൽ പട്രോളിംഗും വകുപ്പ് മുഖേന നടത്തി വരുന്നു. ചെങ്ങന്നൂർ മണ്ഡലത്തിൽ ഒരു ഫിഷ് പ്രോസസിംഗ് സെന്റർ നിർമ്മിക്കുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, ഒരു കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുകയും ബഹു. എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിലേക്കായി ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുമുണ്ട്. |

**സെക്ഷൻ ആഫീസർ**